## പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :153 18/03/13-ൽ മറുപടിക്ക്

### താനൂർ ഒട്ടുമ്പുറത്തേയും കെട്ടുങ്ങൽ ബീച്ചിനേയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രവൃത്തി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ കീഴിൽ താനൂർ ഒട്ടുമ്പുറത്തേയും കെട്ടുങ്ങൽ ബീച്ചിനേയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) പ്രസ്തുത പാലത്തിന്റെ പ്രവൃത്തിയ്ക്ക് നബാർഡ് RIDF XVII-ൽ ഉൾപ്പെടുത്തി 2670 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. ആയത് പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) മുൻയോഗ്യതാ നിർണ്ണയ ദർഘാസുകൾ പരിശോധിച്ച് വരുന്നു. |
| (സി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്ന് തുടക്കം കുറിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (സി) മുൻയോഗ്യതാ ദർഘാസിന് പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം നിരക്ക് രേഖപ്പെടുത്തിയ പ്രത്യേക കവർ തുറന്ന പരിശോധിക്കുന്നതും കുറഞ്ഞ നിരക്കിലുള്ള ദർഘാസ് അംഗീകാരിക്കുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതുമാണ്. |

| | |
|---|---|
| (ഡി) എത്ര കാലപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) പ്രവൃത്തി ആരംഭിച്ച് 15 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ